**സബ്മിഷൻ**

## 1. ഗുരുവായൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. എൻ. കെ. അക്ബർ: സർ, അഭൂതപൂർവ്വമായ ജനത്തിരക്ക് അനുഭവപ്പെടുന്ന ഗുരുവായൂരിൽ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കണമെന്നും പിൻവലിച്ച ട്രാഫിക് പോലീസ് യൂണിറ്റ് പുനഃസ്ഥാപിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പ്രതിവർഷം മൂന്ന് കോടിയിലധികം ജനങ്ങൾ വന്നുപോകുന്ന ക്ഷേത്രനഗരമാണ് ഗുരുവായൂർ. ഇതിനുപുറമേ, രാജ്യത്തെതന്നെ ഏറ്റവും കൂടുതൽ വിവാഹങ്ങൾ നടക്കുന്ന സ്ഥലമെന്നനിലയിലും ദിനംപ്രതി ആയിരക്കണക്കിന് ആളുകൾ വേറെയും ഗുരുവായൂരിലെത്തുന്നുണ്ട്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും എല്ലാ ദിവസവും നൂറുകണക്കിന് സ്വകാര്യവാഹനങ്ങളാണ് ഗുരുവായൂരിലെത്തുന്നത്. ഇതെല്ലാം കണക്കിലെടുത്താണ് ഈ ക്ഷേത്രനഗരത്തിലെ ക്രമസമാധാന പാലനത്തിനും വാഹന ഗതാഗതം നിയന്ത്രണത്തിനുമായി ആവശ്യാനുസരണം പോലീസും അതിനുപുറമെ ട്രാഫിക് പോലീസ് യൂണിറ്റുള്ള സ്റ്റേഷനായാണ് ഗുരുവായൂർ പോലീസ് സ്റ്റേഷൻ

പ്രവർത്തിച്ചിരുന്നത്. 2014-ൽ ഗുരുവായൂർ പോലീസ് സ്റ്റേഷനെ ടെമ്പിൾ സ്റ്റേഷനായും ഗുരുവായൂർ സ്റ്റേഷനായും രണ്ട് കേന്ദ്രങ്ങളായി വിഭജിച്ചു. ടെമ്പിൾ പോലീസ് സ്റ്റേഷനിൽ ഒരു സി.ഐ., മൂന്ന് എസ്.ഐ., ഒരു എ.എസ്.ഐ., പന്ത്രണ്ട് വനിത പോലീസുകാരും 25 പുരുഷ പോലിസുകാരും ഒരു ഡ്രൈവർ ഉൾപ്പെടെ ആകെ 42 ജീവനക്കാരുണ്ടായിരുന്നു. ഗുരുവായൂരിന്റെ ആവശ്യത്തിനുള്ള പോലീസുകാർ കുറവാണെന്ന് മനസ്സിലായപ്പോൾ ഒരു എസ്.ഐ.-യേയും 11 പോലീസുകാരേയും കൂടുതൽ അനുവദിച്ച് സ്റ്റേഷന്റെ അംഗബലം 42-ൽനിന്ന് 53-ആക്കുകയും 50 ആളുകളുള്ള കെ.എ.പി. ബാച്ചും പ്രത്യേകം ഡ്യൂട്ടിയിലുണ്ടായിരുന്നു. പിന്നീട് ഇവരെ പിൻവലിച്ചു. നിലവിൽ എ.ആർ. 10, 24 ക്യൂ.ആർ.ടി. ഉണ്ടായിരുന്നു. ഇതിൽ 24 ക്യൂ.ആർ.ടി. ഇലക്ഷൻ ഡ്യൂട്ടിക്ക് നിയോഗിച്ചതിനുശേഷം തിരികെ വന്നിട്ടില്ല. ദിവസങ്ങൾ കഴിയുന്തോറും ഗുരുവായൂരിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടേയും മറ്റ് ജനങ്ങളുടെയും എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 50 വർഷം മുമ്പ് നിർമ്മിച്ച ഗുരുവായൂർ നഗരസഭയുടെ ബസ് സ്റ്റാന്റ് കാലപ്പഴക്കത്തെത്തുടർന്ന് പൊളിച്ചുനീക്കുകയും ആധുനിക ബസ് ടെർമിനലിന്റെ നിർമ്മാണം

ആരംഭിക്കുകയും ചെയ്തപ്പോൾ നഗരത്തിന്റെ വൺവേ ഉൾപ്പെടെ ഗതാഗത നിയന്ത്രണവുമുണ്ടായിരിക്കുന്നു. ആവശ്യാനുസരണം പോലീസില്ലാത്തതിന്റെ ഭാഗമായി നഗരത്തിൽ പലപ്പോഴും ഗതാഗതക്കുരുക്കുമുണ്ടാകുന്നു. ക്ഷേത്രവിശേഷദിവസങ്ങളിലും പൊതുഅവധി ദിവസങ്ങളിലും വിവാഹങ്ങൾ കൂടുതൽ നടക്കുന്ന ദിവസങ്ങളിലും ഗുരുവായൂർ വീർപ്പുമുട്ടുകയാണ്. മിക്കവാറും ദിവസങ്ങളിൽ ഗുരുവായൂരിലെത്തിച്ചേരുന്ന വി.ഐ.പി., വി.വി.ഐ.പി. എന്നിവർക്കുള്ള സുരക്ഷയൊരുക്കാനും മറ്റുമായി പോലീസ് പ്രവർത്തിക്കുന്നതിനാൽ മറ്റ് ജോലികൾ ചെയ്യുന്നതിന് തടസ്സം നേരിടുന്നു. ഇതെല്ലാം പരിഗണിച്ച് വലിയ സുരക്ഷ ആവശ്യമുള്ള ക്ഷേത്രനഗരമെന്നുകണ്ട് ഗുരുവായൂർ ടെമ്പിൾ സ്റ്റേഷനിൽ ഓഫീസർ ഉൾപ്പെടെയുള്ള പോലിസിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്നും പിൻവലിച്ച ട്രാഫിക് പോലീസ് യൂണിറ്റ് പുനഃസ്ഥാപിക്കണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തെ ട്രാഫിക് സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നത് 14-07-2018-ലെ ഉത്തരവ് പ്രകാരം ട്രാഫിക് സ്റ്റേഷനിൽനിന്നും അതത് ലോക്കൽ പോലീസ്

സ്റ്റേഷനുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ തരത്തിലാണ് കേന്ദ്രീകൃത സംവിധാനത്തെ ഇപ്രകാരം പ്രാദേശികതലത്തിലേയ്ക്ക് മാറ്റിയത്. പഴയ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നിലവിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പ്രവർത്തിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യകൂടി സംയോജിപ്പിച്ച് ഗതാഗത നിയന്ത്രണത്തിനും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ പുതിയ ട്രാഫിക് സ്റ്റേഷനുകളോ ട്രാഫിക് യൂണിറ്റുകളോ സ്ഥാപിക്കേണ്ട ആവശ്യമില്ല.

2. പനച്ചുവീട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് പുനർനിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഒരു നിർമ്മാണ പ്രവർത്തനത്തിനിടയിലുണ്ടായ ഗുരുതര അഴിമതി ചൂണ്ടിക്കാണിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ഒരു നിർമ്മാണ പ്രവർത്തനമാണ്. മൂന്നേകാൽ കോടി രൂപ മുടക്കിയ പനച്ചുവീട്-കൊച്ചുവീട്ടിൽ

മുക്ക് റോഡ് നിർമ്മാണം പൂർത്തീകരിച്ച് ആറ് മാസം കഴിയുന്നതിനുമുമ്പുതന്നെ ആകെ തകർന്നുപോയതാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായാണ് റോഡ് നിർമ്മാണത്തിന് അനുമതി ലഭിച്ചത്. നിർമ്മാണ പ്രവർത്തനങ്ങളുടെ പേരിൽ രണ്ട് വർഷത്തോളം ഈ റോഡ് പൊളിഞ്ഞുകിടക്കുകയായിരുന്നു. ജനങ്ങളുടെ നിരന്തര പ്രക്ഷോഭത്തിന്റെയും എം.എൽ.എ. എന്ന നിലയിൽ ഞാനും ഇടപെട്ടതിന്റെ ഫലമായി റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. എന്നാൽ നിർമ്മാണം പൂർത്തിയാക്കി ആഴ്ചകൾക്കുള്ളിൽ റോഡ് പൂർണ്ണമായി തകർന്നിരിക്കുകയാണ്. ടാർ ചെയ്ത മേൽപ്പാളി ഇളകിമാറിയും പൊടിഞ്ഞും റോഡ് പൂർണ്ണമായി തകർന്നുപോകുന്ന സ്ഥിതിയാണുള്ളത്. ടാർ കൈകൊണ്ട് വാരിയെടുക്കാവുന്നതരത്തിലും ചൂലുപയോഗിച്ച് മുഴുവൻ തൂത്തെടുക്കാവുന്ന വിധത്തിലും ഭാരം കയറ്റിയ വണ്ടികൾ വന്നാൽ പുതഞ്ഞുപോകുകയുമാണുണ്ടാകുന്നത്. പത്ര-ദൃശ്യ മാധ്യമങ്ങളിൽ വലിയ വാർത്തകൾ വന്നതാണ്. ഈ റോഡിന്റെ നിർമ്മാണത്തിൽ ഗുരുതരമായ അഴിമതിയാണ് നടത്തിയിട്ടുള്ളത്. ജനങ്ങൾ നിരന്തരമായി

ആവശ്യപ്പെട്ട് പൊതു ഖജനാവിലെ മൂന്നേകാൽ കോടി രൂപ മുടക്കി നിർമ്മിച്ച റോഡാണിത്. വർക്ക് യഥാവിധി മോണിറ്റർ ചെയ്യാൻ ഉദ്യോഗസ്ഥന്മാർ താൽപ്പര്യം കാണിച്ചില്ല, റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ച നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരത്തെക്കുറിച്ച് പരാതിയുണ്ട്. കൃത്യമായ മാനദണ്ഡം പാലിക്കാതെയാണ് റോഡിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. പൊതുജനങ്ങളും വാഹന യാത്രക്കാരും കടുത്ത പ്രതിഷേധത്തിലാണ്. അവിടെ നിരവധി സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് വിശദമായ കത്ത് നൽകിയിരുന്നു. ഇതിൽ ഗുരുതരമായ അഴിമതി നടന്നിട്ടുണ്ട്. അത് സർക്കാർ പരിശോധിക്കണം. പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്നും കുറ്റക്കാരായ കോൺട്രാക്ടർ, ഇത് കൃത്യമായി മോണിറ്റർ ചെയ്യാത്ത ഉദ്യോഗസ്ഥന്മാർ എന്നിവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും അതുപൊലെതന്നെ റോഡ് സഞ്ചാരയോഗ്യമാക്കുകയും വേണം. മൂന്നേകാൽക്കോടി രൂപ മുടക്കി നിർമ്മിച്ച റോഡിലൂടെ ഒരാഴ്ചപോലും ജനങ്ങൾക്ക് സഞ്ചരിക്കാൻ

സാധിക്കുന്നില്ലെങ്കിൽ നമ്മുടെ നാട്ടിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അടിയന്തരമായി ഒരു അന്വേഷണം പ്രഖ്യാപിക്കണം. കൂടാതെ റോഡ് നിർമ്മിച്ച കോൺട്രാക്ടറുടെയും കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെയും പേരിൽ കർശന നടപടിയും റോഡ് സഞ്ചാരയോഗ്യമാക്കാനുള്ള നടപടിയും സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, മറുപടി അൽപ്പം ദീർഘമാണ്.

<u>ഡെപ്യൂട്ടി സ്പീക്കർ</u>: പ്രധാനപ്പെട്ട കാര്യങ്ങൾ വളരെ ചുരുക്കി പറയണം. എന്നിട്ട് മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചേപ്പാട് പഞ്ചായത്തിലെ പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് എന്ന പ്രവൃത്തിക്ക് 3.24 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കുകയും കരാർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സൈറ്റ് 16-04-2022-ൽ ഹാൻഡ് ഓവർ ചെയ്തതാണ്. ഇതിന്റെ നിർമ്മാണം 02-08-2022-ൽ

ആരംഭിച്ചതും പ്രവൃത്തി നടന്നുവരുന്നതുമാണ്. മൂന്ന് പാർട്ട് ബില്ലുകളാണ് നൽകിയിട്ടുള്ളത്. ഇതുവരെ ഈ പ്രവൃത്തിക്ക് ചെലവഴിച്ച തുക 2,17,62,149 രൂപയാണ്. ഗ്രാമീണ റോഡ് നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി വിവിധതരത്തിലുള്ള കോൺഫിഗറേഷനുകളെക്കുറിച്ച് പഠനം നടത്തുന്നതിനായി ടെസ്റ്റ് സ്ട്രെച്ചുകൾ ഈ റോഡിൽ നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സർഫസ് ഡ്രെസ്സിംഗ് എന്ന സാങ്കേതിക നാമത്തിലറിയപ്പെടുന്ന റോഡ് സർഫസിംഗ് രീതി റോഡിൽ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. 2.58 കിലോമീറ്റർ നിളമുള്ള ഈ റോഡിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള വിശദാംശമാണ് മറുപടിയിലുള്ളത്. അത് ഒഴിവാക്കുകയാണ്. ഈ സാങ്കേതികവിദ്യ കേരളത്തിൽ പരീക്ഷിച്ച് തുടങ്ങിയിട്ടേയുള്ളൂ. ഇത് ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയ ഭാഗത്താണ് വ്യാപക പരാതി വന്നിട്ടുള്ളത്. ഈ ഭാഗത്ത് ഉപരിതലത്തിന് മിനിസം കുറവാണെന്നുള്ളത് വസ്തുതയാണ്. അത് ഈ സാങ്കേതികവിദ്യയുടെ പൊതുസ്വഭാവമാണ്. എന്നാൽ ഇപ്രകാരം നിർമ്മിക്കുന്ന റോഡ് വളരെയധികം ഈടുനിൽക്കുന്നതും കനത്ത മഴപോലെയുള്ള പ്രതികൂല കാലവസ്ഥയെ

പ്രതിരോധിക്കാൻ സാധിക്കുന്നതുമാണ്. ഗ്രാമീണ റോഡുകളുടെ നിർമ്മാണ മേഖലയിൽ വളരെ ചെലവ് കുറവുള്ളതും വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിവുള്ളതുമായ സാങ്കേതികവിദ്യയായതിനാൽ സർഫസ് ഡ്രെസ്സിംഗ് പരീക്ഷിക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുകൊണ്ടാണ് ഉന്നത സാങ്കേതിക സമിതി ടെസ്റ്റ് സ്ട്രച്ച് ഈ റോഡിൽ പരീക്ഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. രണ്ട് ലെയർ സർഫസ് ഡ്രസ്സിംഗ് ചെയ്യുമ്പോൾ രണ്ടമത്തെ ലെയറിലെ അഗ്രിഗേറ്റ് ഉപയോഗിക്കപ്പെടുന്നത് ഒന്നാമത്തെ ലെയറിന്റെ സർഫസിലെ വിടവുകൾ നികത്തുന്നതിനാണ്. അതിനുപയോഗിക്കുന്ന രീതി എമൽഷൻ സ്പ്രേ ചെയ്ത് ചിപ്പ് നിരത്തി റോൾ ചെയ്യുകയെന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ താഴത്തെ സർഫസിലെ വിടവുകളിൽ ചിപ്പ് ഇറങ്ങി ലോക്കാകുകയും ബാക്കിവരുന്ന ചിപ്പ് പ്രതലത്തിൽത്തന്നെ അവശേഷിക്കുകയും ചെയ്യും. ഇത് റോഡ് ഇളകിപ്പോയതാണെന്ന് തെറ്റിദ്ധരിക്കപ്പെടാനിടയാക്കുന്നു. നിശ്ചിത ദിവസങ്ങൾക്കുശേഷം അത് ബ്രൂം ചെയ്ത് മാറ്റുമ്പോഴാണ് പ്രവൃത്തി പൂർത്തിയാകുന്നത്. സാധാരണ ചെയ്യുന്ന ചിപ്പിംഗ് കാർപ്പറ്റ് സർഫസിൽ

ഇങ്ങനെ മെറ്റൽ ഇളകുന്നത് ഒരു അപാകതയാണ്. സർഫസ് ഡ്രസ്സിംഗ് എന്ന സാങ്കേതികവിദ്യയിൽ അത് പൊതുസ്വഭാവമാണ്. അതാണ് വ്യത്യാസം. നാട്ടുകാരുടെ പ്രതിഷേധത്തിന്റെ ഭാഗമായി റോഡ് കുത്തിയിളക്കുകയും സർഫസിന് കേടുപാടുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. മൂന്ന് തലത്തിലുള്ള വിവിധ ഗുണനിലവാര പരിശോധനകൾ നടത്തിയതിനുശേഷമാണ് ഈ റോഡിന്റെ ഓരോ ലെയറും അംഗീകരിക്കുന്നതും അതിനുമുകളിൽ ലെയർ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതും. അത് യഥാവിധി ചെയ്യുകയും ഓരോ തലത്തിലും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതി ലഭിച്ചയുടൻ ഈ പ്രവൃത്തിയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന വിശദമായ സാങ്കേതിക പരിശോധനയ്ക്കായി എഞ്ചിനിയറിംഗ് കോളേജ് പ്രൊഫസർ ഉൾപ്പെടുന്ന ഉന്നതതല സമിതി അംഗങ്ങൾ ഈ സൈറ്റ് സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. റോഡിൽ താൽക്കാലികമായി സംഭവിച്ചിട്ടുള്ള വിവിധ പ്രതല വ്യതിയാനങ്ങൾ യഥാവിഥി പരിഹരിച്ച് നൽകുന്നതാണെന്ന് നാട്ടുകാർക്ക് ഉറപ്പുനൽകിയിരുന്നെങ്കിലും

നാട്ടുകാർ അത് അംഗീകരിക്കാൻ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. സർഫസ് ഡ്രസ്സിംഗ് ചെയ്തിട്ടുള്ള ഭാഗം പൂർണ്ണമായും പൊളിച്ചുമാറ്റി മറ്റൊരു സർഫസ് ചെയ്ത് നൽകണമെന്നുള്ളതാണ് നാട്ടുകാരുടെ ആവശ്യം. ഇത് സാങ്കേതിക സമിതി നിരാകരിച്ചിട്ടുള്ളതാണ്. പണിപൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് സംരക്ഷണവും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡ് നിർമ്മാണത്തിലെ മേൽപരാമർശിച്ച സാങ്കേതികത്വം മനസ്സിലാക്കി ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ ഇടപെട്ട് പണിപൂർത്തിയാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുന്നതിന് അങ്ങയുടെ സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

3. <u>മലപ്പുറത്തെ പ്ലസ് വൺ കോഴ്സിന് അധിക സീറ്റ് അനുവദിക്കൽ</u>

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് ക്ഷാമം ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരം കാണാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ധീരമായ ചുവടുവയ്പ്പുകളെ ഹൃദയപൂർവ്വം

\+ അനുബന്ധമായി ചേർക്കുന്നു.

അഭിനന്ദിക്കുന്നു. 2011 മുതൽ 2023 വരെയുള്ള മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റിന്റെ അവസ്ഥ നാം പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് വ്യത്യസ്തമായ കണക്കുകൾ നിരത്തിക്കൊണ്ട് വ്യത്യസ്ത രീതിയിലുള്ള പ്രചരണങ്ങളാണ് നടന്നുവരുന്നത്. അതിന്റെ യഥാർത്ഥ വസ്തുത മനസ്സിലാക്കിക്കൊണ്ട് നമുക്ക് തുടർന്നുള്ള ദിവസങ്ങളിലെങ്കിലും പ്രതികരണം നടത്താൻ സാധിക്കേണ്ടതായിട്ടുണ്ട്. ഹയർസെക്കണ്ടറി ബാച്ചുകൾ ആരംഭിക്കുന്നത് 1990-ലെ എൽ.ഡി.എഫ്. സർക്കാരാണ്. ഇതിനുശേഷം 15 വർഷം യു.ഡി.എഫ്.-ഉം 19 വർഷം എൽ.ഡി.എഫ്.-ഉം ഈ സംസ്ഥാനം ഭരിച്ചു. 1991 -96-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ 2001-06 വരെ ശ്രീ. നാലകത്ത് സൂപ്പി 2011-16 ശ്രീ പി.കെ. അബ്ദുറബ്ബ് എന്നിവരായിരുന്നു വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ആ കാലഘട്ടത്തിൽ വന്നിട്ടുള്ള സീറ്റുകളുടെ കുറവ് വിശദീകരിക്കാം. 2011-ൽ 12527 സീറ്റുകളുടേയും 2012-ൽ 10350 സീറ്റുകളുടേയും 2016-ൽ 20450 സീറ്റുകളുടേയും കുറവുണ്ടായിരുന്നു. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഇതിന് മാറ്റം വരികയും ചെയ്തു.(ബഹളം)

മി.ഡെപ്യൂട്ടി സ്പീക്കർ: യെസ്.. പ്ലീസ്...

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, 2023-ൽ 6920 സീറ്റുകളുടെ കുറവ് മാത്രമാണുള്ളത് എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. പക്ഷെ ഇതിനെക്കുറിച്ച് വലിയ പ്രചരണങ്ങൾ നടത്തിക്കൊണ്ട് സമര സന്നാഹങ്ങളുമായി പ്രതിപക്ഷം ഇറങ്ങുകയാണ് ചെയ്യുന്നത്. കഴിഞ്ഞ നാളുകളിൽ ചെയ്തുപോയ തെറ്റുകളിൽ പൊതുസമൂഹത്തോട് മാപ്പ് പറയാനും അവർ തയ്യാറാകണമെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. കണക്കുകൾ പ്രകാരം സീറ്റുകളിൽ കുറവുവന്നിട്ടുണ്ടെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഏതാണ് 21641 കുട്ടികൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യമുണ്ട്. ഇതിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, (മൈക്ക് ഓഫ്)

മി.ഡെപ്യൂട്ടി സ്പീക്കർ: ദയവായി ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലിരിക്കണം. ഒരംഗം സബ്മിഷൻ അവതരിപ്പിക്കുമ്പോൾ അത് സംബന്ധിച്ച് മറ്റ് അംഗങ്ങൾ നിർദ്ദേശങ്ങൾ പറയേണ്ടതില്ല.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, അൺഎയ്ഡഡ് സ്കൂളുകളിൽ ഏതാണ്ട് പതിനായിരത്തിലധികം സീറ്റുകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നു. ആ സീറ്റുകൾകൂടി പരിഗണിച്ച് കുട്ടികൾക്ക് പഠിക്കാനുള്ള സംവിധാനമൊരുക്കണമെന്ന് സൂചിപ്പിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ബഹു. പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നോട്ടീസ് നൽകിയിട്ടുണ്ട്. അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ന് കേരളത്തിൽ നടക്കുന്ന ഒരു ബേണിംഗ് ഇഷ്യൂവിനെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം ശരിക്കും ഈ വിഷയമല്ല ഇവിടെ അവതരിപ്പിച്ചത്. ഇക്കാര്യത്തിന് മുമ്പുണ്ടായിരുന്ന ഉത്തരവാദികളും കാരണക്കാരും ആരാണെന്നതുസംബന്ധിച്ചാണ് പോസ്റ്റ്മോർട്ടം നടത്തിയത്. ഈ വിഷയം മീഡിയകളിൽ ലൈവായി കാണിച്ചുകൊണ്ടിരിക്കുകയാണ്. SFI/KSU നേതാക്കളെല്ലാം ജയിലിലാണ്. SFI പ്രക്ഷോഭം ആരംഭിക്കുമെന്ന് അറിയുന്നു. വെറുതേ അവർ സമരം തുടങ്ങുമോ; നാളെ മുതൽ യൂത്ത് ലീഗിന്റെ

സമരം ആരംഭിക്കും. ഇന്നലെ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്ത അവസരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഇക്കാര്യം നേരിട്ട് സംസാരിക്കുകയുണ്ടായി. ഇല്ലാത്തൊരു പ്രശ്നമല്ല പറയുന്നത്. കുട്ടികളുടെ കൂട്ടവും അതിനോടനുബന്ധിച്ചുള്ള ദൃശ്യങ്ങളും ചാനലുകളിൽ ലൈവായി കാണിക്കുകയാണ്. മുഴുവൻ വിഷയങ്ങൾക്കും A+ വാങ്ങിയ കുട്ടികൾക്കുപോലും സീറ്റില്ല. ഫ്രഞ്ച് വിപ്ലവ സമയത്ത്, അന്നത്തെ സമരത്തിന് കാരണമായ പട്ടിണിയെക്കുറിച്ച് രാജ്ഞി പറഞ്ഞ ഒരു കമന്റുണ്ട്. എന്തിനാണ് ഈ പരിഷകൾ സമരം നടത്തുന്നത് എന്ന് ചോദിച്ചപ്പോൾ, അവർക്ക് ബ്രഡ് പോലും കഴിക്കാനില്ലാത്തതുകൊണ്ടാണ് എന്ന് പറഞ്ഞു. ബ്രഡ് ഇല്ലെങ്കിൽ കേക്ക് കഴിച്ചാൽ പോരെയെന്നാണ് തിരിച്ച് ചോദിച്ചത്. അത് പറഞ്ഞതുപോലെയാണ് ഇവിടത്തെ കാര്യം. കുട്ടികൾക്ക് പഠിക്കാൻ സർക്കാർ സ്കൂളിൽ സീറ്റില്ലെങ്കിൽ അവർക്ക് അൺഎയ്ഡഡ് സ്കൂളുകളിൽ ചേർന്ന് പഠിക്കാൻ കഴിയില്ലേ; അതുപോലെ പോളിടെക്നിക്കിൽ സീറ്റില്ലേ; ഇതൊക്കെയാണ് മറുചോദ്യങ്ങൾ. വിഷയത്തോടുള്ള ഈ സമീപനം ശരിയാണോയെന്ന് ചിന്തിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട്

ആറേഴ് വർഷത്തോളമായില്ലേ; കുട്ടികൾ പാസ്സായി വരുന്നതിനനുസരിച്ച് പ്രൊപ്പോർഷണേറ്റായി സീറ്റ് വർദ്ധനവ് ഉണ്ടാകേണ്ടതല്ലേ; അതിനനുസരിച്ച് കൂടുതൽ ബാച്ചുകൾ അനുവദിക്കണം. ഏതെങ്കിലുമൊരു കാലത്ത് ഞങ്ങൾ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കഥ ഇപ്പോൾ പറഞ്ഞിട്ട് കാര്യമുണ്ടോ. ഞങ്ങളുടെ ഭരണകാലത്ത് നിരന്തരം ബാച്ചുകൾ അനുവദിക്കുകയും സീറ്റ് ക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെതന്നെയായിരുന്നു ഓരോ വർഷവും പോയിക്കൊണ്ടിരുന്നത്. ഇപ്പോൾ അത് നടക്കാത്തതാണ് പ്രശ്നം. അതുകൊണ്ട് ഈ നയം തിരുത്തണം. മാധ്യമങ്ങൾ ഉൾപ്പെടെ ഇടപെട്ട് ബോധ്യപ്പെടുത്തുന്ന ഒരു സംഗതി ഞങ്ങൾ വെറുതേ പരാമർശിക്കുകയാണെന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് അടിയന്തരമായി ഇത് തിരുത്തണം എന്ന് അപേക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇന്ന് ഒന്നാം വർഷ ഹയർ സെക്കണ്ടറിയുടെ ക്ലാസുകൾ ആരംഭിച്ചിരിക്കുകയാണ്. 345475 കുട്ടികൾ ഇന്ന് പ്ലസ് വൺ പഠനത്തിന് എത്തിച്ചേർന്നിട്ടുണ്ട്. ഹയർ സെക്കന്ററി കോഴ്സുകൾ തുടങ്ങിയതിനുശേഷം

മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ബാച്ചുകൾ അനുവദിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണ് എന്നത് ഞാൻ ഒരിക്കൽക്കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഹയർ സെക്കണ്ടറി പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് 2024 മേയ് മാസം 8-ാം തീയതിയിലെ സർക്കാർ ഉത്തരവുപ്രകാരം 2023-24 അധ്യായനവർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റുചെയ്തതുമായ ബാച്ചുകൾ ഈ അധ്യായന വർഷവും തുടരുന്നതിനും മലബാർ മേഖലയിലെ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കഴിഞ്ഞ വർഷം 14 ബാച്ചുകൾ മലപ്പുറം ജില്ലയിൽ ഷിഫ്റ്റ് ചെയ്തുനൽകി. ഇതിനുപുറമേ 84 അധിക താൽക്കാലിക ബാച്ചുകൾ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിനുശേഷം അനുവദിക്കുകയുണ്ടായി. ഒന്നും അനുവദിച്ചില്ല എന്നുപറയുന്നതിൽ വിഷമവും ന്യായക്കേടുമുണ്ടെന്ന് ഞാൻ സൂചിപ്പിക്കുന്നു. എന്നാൽ ഈ വർഷം

അലോട്ട്മെന്റുകളുടെ തുടക്കത്തിൽ തന്നെ മുൻ വർഷങ്ങളിൽ ഷിഫ്റ്റ് ചെയ്ത 14 ബാച്ചുകൾ തുടരുന്നതിനും താൽക്കാലിക അധിക ബാച്ചുകൾ തുടരുന്നതിനും മാർജിനൽ സീറ്റ് വർദ്ധനവും അനുവദിക്കുകയുണ്ടായി. മലപ്പുറം ജില്ലയിൽ കഴിഞ്ഞ വർഷം 77951 വിദ്യാർത്ഥികൾ വിജയിക്കുകയും 12377 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും A+ നേടുകയും ചെയ്തു. 2024 മാർച്ചിൽ 79748 വിദ്യാർത്ഥികൾ SSLC പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടുകയും 12525 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും A+ നേടുകയും ചെയ്തു. സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ കുട്ടികൾ വിജയിച്ചതും A+ കരസ്ഥമാക്കിയതും മലപ്പുറം ജില്ലയിലാണ്. അക്കാര്യത്തിൽ അവരെ അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവിധ പ്രോത്സാഹനവും ഈ അവസരത്തിൽ നൽകാം. കഴിഞ്ഞ വർഷം സീറ്റ് ക്ഷാമമില്ലാതെ പ്രവേശന നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ വർഷം ആകെയുണ്ടായിരുന്ന 70976 സീറ്റുകളിൽ ആകെ 66024 വിദ്യാർത്ഥികൾ പ്രവേശനം നേടുകയും 4952 സീറ്റുകൾ ഒഴിഞ്ഞ് കിടക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം പ്രവേശനത്തിനായി ഹയർ സെക്കണ്ടറി മേഖലയിൽ

71456 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ 2850 സീറ്റുകളും ITI മേഖലകളിൽ 5484 സീറ്റുകളും... ITI സീറ്റുകളുടെ കാര്യം ഈ അവസരത്തിൽ സൂചിപ്പിച്ചെന്നേയുള്ളൂ. ചേരണമെന്ന് നിർബന്ധമില്ല. ചേരാൻ ആഗ്രഹമുള്ളവർ മാത്രം ചേർന്നാൽ മതി. കൂടാതെ പോളിടെക്നിക് കോളേജുകളിൽ 880 സീറ്റുകളും ഉൾപ്പെടെ 80670 സീറ്റുകൾ മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് മാറ്റാൻ കഴിയുന്ന കണക്കല്ല. ഇത് യഥാർത്ഥ കണക്കാണ്. ഇതുകൂടാതെ സ്കോൾ കേരളയിലും പ്രവേശനം നേടുന്നവരുണ്ട്. കഴിഞ്ഞ വർഷം 12895 വിദ്യാർത്ഥികളാണ് സ്കോൾ കേരളയിൽ പ്രവേശനം നേടിയത്. ഇത്തവണവും അത്രയുമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വസ്തുതകൾ അംഗീകരിക്കാതെയാണ് ഒന്നാം അലോട്ട്മെന്റ് തുടങ്ങുന്നതിന് മുമ്പ് ചില കേന്ദ്രങ്ങളിൽ സമരം ആരംഭിക്കാൻ തയ്യാറായത്. രാഷ്ട്രീയ ദുഷ്ടലാക്കുണ്ടെന്ന് സൂചിപ്പിക്കാൻ കാരണമിതാണ്. ഒന്നാംഘട്ട അലോട്ട്മെന്റ് പ്രഖ്യാപിക്കുന്നതിനുമുമ്പുള്ള പ്രവൃത്തികളുടെ കാര്യമാണ് സൂചിപ്പിക്കുന്നത്. ഹയർസെക്കണ്ടറി പൊതുവിദ്യാലയങ്ങളുടെ സീറ്റ് മാത്രം

ചൂണ്ടിക്കാണിച്ചുകൊണ്ട് പ്ലസ് വൺ പ്രവേശനത്തിന്റെ സ്ഥിതി വിവരിക്കാം. രണ്ട് പ്രമുഖ നേതാക്കന്മാർ അവതരിപ്പിച്ച പ്രധാനപ്പെട്ട പ്രശ്നമാണിത്. പ്രശ്നം രൂക്ഷമാണെന്ന രീതിയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിക്കുകയുമുണ്ടായി. അതുകൊണ്ടുതന്നെ ഇത് വിശദീകരിക്കാൻ അനുവദിക്കണം.

മലപ്പുറം ജില്ലയിൽ ആകെ അപേക്ഷകർ 82466, ഇതിൽ 7606 പേർ ജില്ലയ്ക്ക് പുറത്തുള്ളവരും 74860 പേർ ജില്ലയ്ക്ക് അകത്തുള്ളവരുമാണ്. മലപ്പുറം ജില്ലയിൽ അപേക്ഷ സമർപ്പിച്ച 82466 പേർക്കാണ് നമ്മൾ അഡ്മിഷൻ നൽകേണ്ടത്. ഇതിൽ 4352 പേർ മറ്റു ജില്ലകളിൽ പ്രവേശനം ലഭിച്ചു. തൃശ്ശൂരിൽ 543, പാലക്കാട് 2370, കോഴിക്കോട് 1383, ഈ മൂന്നു ജില്ലകളും മലപ്പുറവും ഒഴിച്ച് മറ്റുജില്ലകളിൽ 56 പേർ പോയി. ജില്ലയിൽ ശേഷിക്കുന്ന അപേക്ഷകർ 78114.

അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്ത 11546 പേരുണ്ട്. അവർക്ക് ഇഷ്ടപ്പെട്ട കോഴ്സ് ലഭ്യമാകാത്തതുകാരണമാണ് പ്രവേശനം നേടാത്തത്. അവർ അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള കോഴ്സുകൾക്ക്

ചേരുന്നതിനുവേണ്ടി പ്രത്യേക വഴി കണ്ടുപിടിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെ ന്റ് ക്വാട്ടയിൽ 2866, കമ്മ്യൂണിറ്റി ക്വാട്ടയിൽ 954, അൺ എയ്ഡഡ് മേഖലയിൽ 223, സ്പോർട്സ് കോട്ടകളിൽ 444-ഉം, എം.ആർ.എസ്. സ്കൂളുകളിൽ അഞ്ചും ഉൾപ്പെടെ ആകെ 4492 പേർ പ്രവേശനം നേടി. അലോട്ട്മെന്റിനുശേഷം 7054 പേരാണ് ഹയർസെക്കണ്ടറി പ്രവേശനം എടുക്കാതെ നിൽക്കുന്നത്. ശേഷിക്കുന്ന 71060 അപേക്ഷകരിൽ ആകെ 53762 പേർ പ്ലസ് വൺ-ന് ഇതുവരെ പ്രവേശനം നേടി. മെറിറ്റ് ക്വാട്ടയിൽ 44224 പേർ പ്രവേശനം നേടി. ശ്രീ. പി. കെ. ബഷീർ, ഇതൊന്നും മായ്ച്ചുകളയാവുന്ന കാര്യങ്ങളല്ല. സ്പോർട്സ് ക്വാട്ടയിൽ 873 പേർ, മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 25 പേർ, കമ്മ്യൂണിറ്റി ക്വാട്ടയിൽ 3141 പേർ, മാനേജ്മെ ന്റ് ക്വാട്ടയിൽ 2137 പേർ, അൺ എയ്ഡഡ് ക്വാട്ടയിൽ 1051 പേർ, മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ ആകെ പ്രവേശനം നേടിയവർ 51451 പേരാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ആകെ പ്രവേശനം നേടിയവർ 2311 പേരാണ്. ഇതുകൂടി ചേരുമ്പോൾ മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി ഒന്നാം വർഷത്തിൽ പ്രവേശനം നേടിയവർ 53762 പേരാണ്. പ്രവേശനത്തിനായി

ശേഷിക്കുന്ന അപേക്ഷകർ 17298 ആണെന്ന് ഞാൻ ഈ സഭയിൽ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. ഇനി ശേഷിക്കുന്നത് 9820 സീറ്റുകളാണ്. ഇപ്രകാരം ശേഷിക്കുന്ന സീറ്റുകളിൽ മെരിറ്റിൽ 5856, സ്പോർട്സിൽ 367, മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 25, കമ്മ്യൂണിറ്റി ക്വാട്ടയിൽ 618, മാനേജ്മെന്റ് ക്വാട്ടയിൽ 2954 എന്നിങ്ങനെയാണ്. സപ്ലിമെന്ററി അലോട്ട്മെന്റോടുകൂടി ഇത് ഫില്ലാകും. ഇവിടെ 7478 സീറ്റിന്റെ കുറവാണുള്ളത്. നാളെ വിദ്യാർത്ഥി സംഘടനകളുടെ യോഗം ഉച്ചയ്ക്ക് രണ്ടുമണിക്ക് വിളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിപക്ഷ ഉപനേതാവ് എന്നിവരുൾപ്പെടെയുള്ള എല്ലാവരുടെയും സഹായം ഇക്കാര്യത്തിൽ അനിവാര്യമാണ്. വിദ്യാർത്ഥി സംഘടനകളുമായി സംസാരിച്ച് പ്രശ്നപരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. <u>മത്സ്യതൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിധവകൾക്ക് പെൻഷൻ</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മത്സ്യതൊഴിലാളികൾ മരണപ്പെട്ടാൽ നിരാലംബരായിത്തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ നൽകിവരുന്ന പദ്ധതിയാണ് വിധവ പെൻഷൻ. നിലവിൽ

മത്സ്യബോർഡിൽ 9,945 പേർക്ക് വിധവാ പെൻഷൻ ലഭിച്ചുവരുന്നുണ്ട്. 2001-ൽ ഈ പദ്ധതി ആരംഭിച്ച കാലഘട്ടം മുതൽ സർക്കാർ ഗ്രാന്റായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. 61,437 പേർക്കാണ് 1,600 രൂപ പ്രകാരം നൽകികൊണ്ടിരിക്കുന്നത്. എന്നാൽ കഴിഞ്ഞ മാസം ധനകാര്യവകുപ്പ് സാമൂഹ്യസുരക്ഷാ പെൻഷന്റെ ഭാഗമായി വാർദ്ധക്യകാല പെൻഷൻ മാത്രമെ അനുവദിക്കുകയുള്ളൂവെന്നും വിധവാ പെൻഷനുള്ള ഫണ്ട് ഇനി മുതൽ മത്സ്യബോർഡ് കണ്ടെത്തണമെന്ന ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ക്ഷേമനിധിയിൽ നിലവിലുള്ള ആനുകൂല്യങ്ങൾപോലും കൊടുക്കാൻ നിവർത്തിയില്ലാതെ വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന മത്സ്യബോർഡിന് ഇതുകൊടുത്തു തീർക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇരുപത്തിരണ്ട് വർഷക്കാലമായി നൽകിവന്നിരുന്ന പെൻഷൻ പെട്ടെന്ന് നിർത്തലാക്കുന്ന നടപടി റദ്ദ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യതൊഴിലാളി വിധവാ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിൽ മത്സ്യതൊഴിലാളികളുടെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞതാണ് ഈ ഗവൺമെന്റിന്റെ

വിദ്യാഭ്യാസ പ്രോത്സാഹന രംഗത്തുള്ള ഇടപ്പെടലുകൾ. ഉന്നത വിദ്യാഭ്യാസ മേഖലകൾ അടക്കം വലിയ തോതിൽ സർക്കാർ സഹായിക്കുകയാണ്. അതിന്റെ ഭാഗമായി ഡോക്ടർമാരും പ്രൊഫഷണലുകളും മത്സ്യതൊഴിലാളികളുടെ കുടുംബങ്ങളിലും ഇന്ന് ഉണ്ടെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കുടിശ്ശിക വലിയ തോതിൽ കൊടുത്തുതീർക്കാനുണ്ടെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത് സമയബന്ധിതമായി കൊടുത്ത് തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഉന്നത വിദ്യഭ്യാസ മേഖലയിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർന്നും പഠനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ് ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എൽ.ഡി.എഫ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം മത്സ്യതൊഴിലാളി സമൂഹത്തിനുവേണ്ടി നടപ്പിലാക്കികൊണ്ടിരിക്കുന്ന ഉന്നത-വിദ്യാഭ്യാസ മേഖലയിൽ അടക്കം അവരുടെ മക്കൾക്ക് പഠിക്കാൻ കഴിയുന്ന ഈ സാഹചര്യത്തിന് കൂടുതൽ ഗുണകരമാകുന്ന നിലയിൽതന്നെ അവരുടെ മക്കളുടെ ഗ്രാന്റുകൾ കൊടുത്തു

തീർക്കുന്നതിനാവശ്യമായ നടപടികളുണ്ട്. മുപ്പത്തിരണ്ട് കോടി രൂപയോളം ഈ ഗവൺമെന്റ് കൊടുത്തുതീർത്തുയെന്നുള്ളത് ഞാൻ വളരെ നന്ദിപൂർവ്വം ഇവിടെ അനുസ്മരിക്കുന്നു. എന്നാൽ ഇനിയും അമ്പത്തിമൂന്ന് കോടിയോളം രൂപ കൊടുത്തുതീർക്കുവാനുണ്ട്. നമ്മുടെ സംസ്ഥാനത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടെന്ന് നമുക്ക് അറിയാമെങ്കിലും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന ഈ ജനവിഭാഗത്തെ കൈ പിടിച്ചുയർത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഈ പദ്ധതി യാതൊരു തടസ്സവും കൂടാതെ മുന്നോട്ടുകൊണ്ടുപോകാനും അവരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ മുന്നോട്ടുപോകാനും കഴിയുന്ന നിലയിലുള്ള നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനകൂടി ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് നൽകി വന്നിരുന്ന പെൻഷൻ പുനഃസ്ഥാപിക്കണമെന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ഗ്രാന്റിലെ കുടിശ്ശിക നൽകണമെന്നുമുള്ള ആവശ്യമാണ് ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ചത്. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം പൂർണ്ണമായും സർക്കാരാണ് നൽകുന്നത്. ഇപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷന് അനുവദിക്കുന്ന തുക പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും അവശത കുടുംബ പെൻഷൻ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ലെന്നും പെൻഷൻ അനുവദിക്കുന്ന ഉത്തരവുകളിൽ കൃത്യമായി നിഷ്കർഷിച്ചിട്ടുള്ളതുമാണ്. എല്ലാ ക്ഷേമനിധിക്കും അത് ബാധകമാണ്. അവശത കുടുംബ പെൻഷൻ കുടിശ്ശിക, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനുള്ള തുക ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ടിൽനിന്നാണ് വിനിയോഗിക്കേണ്ടത്. അതിനാൽ പ്രസ്തുത വിധവ പെൻഷൻ ആനുകൂല്യം സ്വന്തം ഫണ്ടിൽനിന്നും അനുവദിക്കുന്ന വിഷയം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പരിഗണിച്ച് ചെയ്യേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്ത ബോർഡുകൾക്ക് സർക്കാരിന്റെ ധനസ്ഥിതിയനുസരിച്ച് പ്രത്യേക സഹായം

നൽകിയിട്ടുണ്ട്, നൽകി വരുന്നുമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് നിലവിൽ കേരളത്തിലെ അർഹരായ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യമേഖലയിലെ ഭാവി തലമുറയെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ മത്സ്യമേഖലയിൽനിന്നും അനവധി വിദ്യാർത്ഥികൾ ഉന്നത പ്രൊഫഷണൽ ബിരുദം, ബിരുദാനന്തര ബിരുദം ഉൾപ്പെടെയുള്ള യോഗ്യതകൾ നേടുകയും അതുവഴി ഉന്നത തൊഴിൽ മേഖലയിലേയ്ക്ക് എത്തിച്ചേരുകയും ചെയ്യുന്നു. കൂടുതൽ വിദ്യാർത്ഥികൾ മത്സ്യമേഖലയിൽ സർക്കാർ സഹായത്തോടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി മുന്നോട്ടുവരുന്നുണ്ട്. വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി ഒരു വർഷം ഏകദേശം 35 കോടി രൂപ വേണ്ടി വരുന്നുണ്ട്. 2023-24 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയിരുന്ന 7.02 ലക്ഷം രൂപയും നോൺ പ്ലാൻ ഫണ്ടിൽ

വകയിരുത്തിയിരുന്ന 25 കോടി രൂപയും പൂർണ്ണമായും വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി അനുവദിച്ചിരുന്നു. കൂടാതെ ധന പുനർവിനിയോഗ അനുമതിയിലൂടെ ലഭ്യമായ 16 കോടി രൂപയും അനുവദിച്ചിരുന്നു. 2024-25 വർഷം നോൺ പ്ലാനായി 27.5 കോടി രൂപയും പ്ലാൻ ഫണ്ടിൽനിന്നും 9.28 കോടി രൂപയുമാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിട്ടുള്ളത്. ഫണ്ട് അനുവദിക്കുന്നതിലേയ്ക്കായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ അർഹമായ എല്ലാ വിദ്യാർത്ഥികൾക്കും എത്രയും വേഗത്തിൽ കുടിശ്ശികരഹിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

5. വന്യമൃഗ ശല്യം

ശ്രീ. ആന്റണി ജോൺ: സർ, എന്റെ മണ്ഡലത്തിലെ വളരെ ഗൗരവകരമായ ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നേരത്തെ ഈ വിഷയം നിരവധി പ്രാവശ്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി കൂടുതൽ

ഗുരുതരമായ സാഹചര്യത്തിലേയ്ക്കാണ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇപ്പോൾ ഉയർന്നുവരുന്നത്. ഓരോ ദിവസം കഴിയുംതോറും ഇതുവരെ വന്യമൃഗങ്ങളുടെ സാന്നിധ്യമില്ലാതെയിരുന്ന കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വന്യമൃഗ ആക്രമണം ഉൾപ്പെടെയുള്ള കാര്യങ്ങളുണ്ടായി വരികയാണ്. ഞാൻ ഈ സഭയിൽ സംസാരിക്കുന്ന സമയത്തും ഇന്നലെ വൈകുന്നേരവും കഴിഞ്ഞ രാത്രിയിലും ഇന്ന് രാവിലെയുമായി നിരവധി പ്രദേശങ്ങളിലാണ് വന്യജീവികളുടെ ആക്രമണവും അതോടൊപ്പം കൃഷിനാശവും ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. എന്റെ മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് തുടങ്ങിയ 5 പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ അതിരൂക്ഷമായ സാഹചര്യമാണ് നിലനിൽക്കുന്നത്. രാത്രി-പകൽ വ്യത്യാസമില്ലാതെ വന്യജീവികളുടെ ആക്രമണം ഈ മേഖലകളിൽ ഉയർന്നുവരികയാണ്. കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിലും (ഒരു പത്രം ഉയർത്തിക്കാണിച്ച്) ദൃശ്യമാധ്യമങ്ങളിലാണെങ്കിലും പത്ര മാധ്യമങ്ങളിലാണെങ്കിലും കോതമംഗലത്തുനിന്നുള്ള വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള

വാർത്തകളില്ലാതെ ഒരു ദിവസം പോലുമില്ല. അത്രയേറെ രൂക്ഷമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഇപ്പോൾ വൈകുന്നേരമായാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശുപത്രി ആവശ്യത്തിനുപോലും ധൈര്യമായി പുറത്തിറങ്ങാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇവിടെ ഏതാണ്ട് 9 ജീവനുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. വാരിയത്തെ കാശിരാമൻ, ഉറിയംപെട്ടിയിലെ പൊന്നൻ, പിണവൂർകുടിയിലെ സന്തോഷ്, പൂയംകുട്ടിയിലെ ജോണി, മാമലകണ്ടത്തിലെ നളിനി, ചക്കിമേടിലെ ജയൻ, ഇഞ്ചിപ്പാറയിലെ ലിസി ടീച്ചർ, എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്ത പ്രദേശമായ കാഞ്ഞിരവേലിയിലെ ഇന്ദിരയെന്ന വീട്ടമ്മ, എറ്റവും ഒടുവിൽ മാമലകണ്ടത്ത് വിജിൽ എന്ന ചെറുപ്പക്കാരൻ എന്നിവർ ആനയുടെയും കാട്ടുപോത്തിന്റെയും മ്ലാവിന്റെയും ആക്രമണത്തിൽ കൊല്ലപ്പെട്ടവരാണ്. ഗുരുതരമായ പരിക്കേറ്റ് ജീവിക്കുന്ന നിരവധി ആളുകളുണ്ട്. വനം വകുപ്പിന്റെ വാച്ചർമാർ ഉൾപ്പെടെ ആ നിലയിൽ പരിക്കേറ്റ് കഴിയുന്നുണ്ട്. അങ്ങനെ ഗുരുതരമായ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. വളർത്തുമൃഗങ്ങളെയും ആക്രമിച്ച് കൊലപ്പെടുത്തുന്നുണ്ട്. അതുപോലെ കൃഷി നശിപ്പിക്കുന്നതു കാരണം

കർഷകന്റെ കണ്ണീരും നിലവിളിയുമാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ മൂന്ന് ദിവസങ്ങളായുള്ള സാഹചര്യം പരിശോധിച്ചാൽ കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് പ്രദേശത്ത് ആനയുടെ വിളയാട്ടമാണ്. കോതമംഗലം പട്ടണത്തിൽനിന്നും അധികം ദൂരമില്ലാത്ത പ്രദേശമാണ് പുന്നേക്കാട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ ഗുരുതരമായ സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. കോതമംഗലത്ത് പുതിയ ആർ.ആർ.ടി. രൂപീകരിക്കാൻ തീരുമാനിച്ചെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. അതോടൊപ്പംതന്നെ സംസ്ഥാനത്ത് 38 ഫോറസ്റ്റ് ഡിവിഷനുകൾ കേന്ദ്രീകരിച്ചുകൊണ്ട് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കുന്നതിലും കോതമംഗലത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം സന്തോഷകരമായ കാര്യമാണ്. കൂടുതൽ വാച്ചർമാരുടെ സേവനം ഉറപ്പുവരുത്തിക്കൊണ്ട് ഫലപ്രദമായ റെയിൽ ഫെൻസിംഗ്, ട്രഞ്ച്, ഹാങ്ങിംഗ് ഫെൻസിംഗ് അടക്കമുള്ള കൂടുതൽ ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങൾ

സ്വീകരിക്കണം. അതോടൊപ്പം നാശനഷ്ടമുണ്ടാകുന്ന കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എനിക്ക് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ നമുക്കെല്ലാം അറിയാവുന്നതാണ്. അദ്ദേഹം സബ്മിഷൻ അവസാപ്പിനിക്കുമ്പോൾ പറഞ്ഞതുപോലെ ഈ സാഹചര്യങ്ങൾ പരിഗണിച്ച് അവിടെ ആർ.ആർ.ടി.-യെ അനുവദിച്ചിട്ടുണ്ട്. ശബ്ദവും വെളിച്ചവും ഉപയോഗിച്ച് മൃഗങ്ങളെ തിരികെ കാട്ടിലേക്ക് വിടുന്ന ഇലക്ട്രിക് അലാറം സിസ്റ്റം അവിടെ സ്ഥാപിച്ചിട്ടുണ്ട്, കൂടുതൽ വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. നാളിതുവരെ കേരളത്തിൽ നടപ്പിലാക്കാത്ത വിധത്തിലുള്ള ഒരു പുതിയ പദ്ധതി കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിലെ ഫണ്ട് ഉപയോഗിച്ച് 12 കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലായി മുത്തനാമുടി, ആനന്ദൻകുടി, വെളിയത്തുപറമ്പ്

ഭാഗങ്ങളിലായി 8 കിലോമീറ്റർ ആനക്കിടങ്ങും 9.25 കിലോമീറ്റർ സോളാർ തൂക്കുവേലിയും നിർമ്മിക്കുന്നതിനും ഇതിനകംതന്നെ ടെൻഡർ വിളിച്ച് അനുവാദം നൽകിയിട്ടുണ്ട്. അതുപോലെ മലയാറ്റൂർ ഡിവിഷന് കീഴിൽ 28 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് 11 കിലോമീറ്റർ തൂക്കുവേലിയും നിർമ്മിച്ചുകഴിഞ്ഞു. എല്ലാ കാര്യങ്ങളും പറയുന്നതിന് സമയമെടുക്കുന്നതിനാൽ ഞാൻ വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുകയാണ്[1].

5. തലക്കോട്-ചുള്ളിക്കണ്ടം ഫെൻസിംഗ് നിർമ്മാണം

ഡോ. മാത്യു കുഴൽനാടൻ: സർ, കഴിഞ്ഞ നാളുകളിൽ കോതമംഗലത്ത് കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ഇന്ദിര എന്ന വീട്ടമ്മയുടെ മൃതദേഹവുമായി ഞങ്ങൾ സമരം നടത്തിയത് നിങ്ങളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാവും. എന്റെ നിയോജകമണ്ഡലം ഉൾപ്പെടുന്ന ഒറ്റക്കണ്ടം, ചാത്തമറ്റം, കടവൂർ, ചുള്ളിക്കണ്ടം, മുള്ളരിങ്ങാട്, ചെമ്പൻകുഴി, നീണ്ടപാറ മേഖലകളിൽ അതിരൂക്ഷമായ കാട്ടാനശല്യവും വന്യജീവി ആക്രമണവുമുണ്ടായ പശ്ചാത്തലത്തിലാണ് ഞങ്ങൾ സമരം നടത്തിയത്. ആ സമരത്തെ നിങ്ങൾ നേരിട്ട രീതിയൊന്നും ഞാനിവിടെ പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല.

1 അനുബന്ധമായി ചേർത്തിട്ടുണ്ട്.

അർഹമായ കോമ്പൻസേഷൻ, കാഞ്ഞിരവേലി മേഖലയിലെ ഫെൻസിംഗ്, ഒരു സ്പെഷ്യൽ ആർ.ആർ.ടി. ടീം, ആക്രമണത്തിന് ഇരയായവരുടെ കുടുംബത്തിൽ ആർക്കെങ്കിലും ഒരു ജോലി എന്നിങ്ങനെ നാല് കാര്യങ്ങളാണ് സമരത്തിൽ ഞങ്ങൾ ആവശ്യപ്പെട്ടിരുന്നത്. ഫെൻസിംഗിന്റെ വർക്ക് ടെൻഡർ വിളിച്ച് കേരള പോലീസ് കൺസ്ട്രക്ഷൻ ആൻഡ് ഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ തുടങ്ങാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ നാട്ടുകാരുടെ കണക്കനുസരിച്ച്, കാട്ടിൽനിന്നും ഇറങ്ങിവന്നിട്ടുള്ള പതിനെട്ടോളം ആനകൾ തമ്പടിക്കുന്ന ചെമ്പൻകുഴി, തൊട്ട എന്നീ പ്രദേശങ്ങളിൽ നിൽക്കുന്ന ആനകളെ അവിടെത്തന്നെ പൂട്ടിലാക്കുന്ന തരത്തിലുള്ള ഫെൻസിംഗാണ് ചെയ്യാനുദ്ദേശിക്കുന്നത്. ആനകളെ തുരത്തി കാട്ടിലേയ്ക്ക് മടക്കി അയയ്ക്കാതെ ഫെൻസിംഗ് നിർമ്മിച്ചാൽ അത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന ഒരവസ്ഥയുണ്ടാകും. ഫെൻസിംഗ് നിർമ്മിക്കുന്ന നടപടിയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. തീർച്ചയായിട്ടും അതൊരു നല്ല കാര്യമാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്തതിൽ ഞങ്ങൾക്ക് സന്തോഷമാണ്. എന്നാൽ ഈയൊരു

വിഷയം അഡ്രസ് ചെയ്യാതെ പോകരുത്. 30 ചതുരശ്ര കിലോമീറ്റർ സ്ഥലത്തോളം വനപ്രദേശമാണ്. ആ പ്രദേശം മുഴവൻ പതിനെട്ട് ആനകളെ കൂട്ടിലടയ്ക്കുന്നതുപോലെ നിർത്തിയാൽ, അവർക്ക് നാട്ടിലേയ്ക്ക് ഇറങ്ങുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. പലപ്പോഴും ഇക്കാര്യത്തിൽ സർക്കാരിന് സമഗ്രമായ ഒരു സമീപനം ഉണ്ടാകാറില്ല. വന്യജീവികളുടെ ആക്രമണവും കാട്ടാനശല്യവും തുടങ്ങി വനവുമായി ബന്ധപ്പെട്ട എല്ലാ കാര്യവും ഇരുട്ടുമറയിലിരുന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ മാത്രം ചെയ്യുന്ന ഒരു രീതിയുണ്ട്. ഇതുവരെ നിങ്ങൾ ചെയ്തതൊന്നും ഫലപ്രദമായിട്ടില്ലെന്ന് മാത്രമല്ല, നാട്ടിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അന്തരീക്ഷമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് എന്താണ് ചെയ്യുന്നത്, എന്ത് ലോജിക്കിലാണ് ചെയ്യുന്നത്, എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ജനങ്ങൾക്കുകൂടി മനസ്സിലാക്കാൻ ജനപ്രതിനിധികളെയും പഞ്ചായത്ത് പ്രതിനിധികളെയും വിളിച്ച് സർവ്വകക്ഷിയോഗം ചേർന്ന് ചെയ്യാൻ പോകുന്ന പ്രവൃത്തിയെക്കുറിച്ച് വിശദീകരിച്ചതിനുശേഷം പ്രവൃത്തിയാരംഭിച്ചാൽ ജനങ്ങൾക്ക് അതിൽ ആത്മവിശ്വാസമുണ്ടാകും. ആനകളെ തിരികെ കാട്ടിലേയ്ക്ക് വിടാതെ

ഫെൻസിംഗ് നിർമ്മിച്ചാൽ ഗുണത്തേക്കാളേറെ ദോഷമുണ്ടാകും. അക്കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഡോ. മാത്യു കുഴൽനാടൻ ഈ വിഷയത്തെ വളരെ പോസിറ്റീവായി സമീപിച്ചതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ മുള്ളരിങ്ങാട് പൊതുമരാമത്ത് റോഡിന്റെ വലതുഭാഗത്താണ് ആനശല്യം കൂടുതലായിട്ടുള്ളത്. ആ റോഡിന്റെ ഇടതുഭാഗത്ത് ഫെൻസിംഗ് ചെയ്താൽ മാത്രമേ പ്രവൃത്തികൊണ്ട് പ്രയോജനമുള്ളൂ എന്നാണ് പൈങ്ങോട്ടൂർ, കവളങ്ങാട്, വണ്ണപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ നിർദ്ദേശിച്ചത്. ആ നിർദ്ദേശമനുസരിച്ചാണ് തലക്കോട്-മുള്ളരിങ്ങാട് പി.ഡബ്ല്യു. റോഡിന്റെ ഇടതുവശത്തായി മൂന്ന് കിലോമീറ്റർ വൈദ്യുതി വേലി 'പ്രോജക്ട് എലിഫന്റ്' എന്ന പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി ചുള്ളിക്കണ്ടം ചെക്ക്പോസ്റ്റ് മുതൽ പനങ്കുഴി വരെ ഒന്നര കിലോമീറ്റർ വരെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിച്ചാൽ മാത്രമേ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പ്രവൃത്തി പൂർണമായും

ഫലപ്രാപ്തിയിൽ എത്തുകയുള്ളൂ. പെരിയാർ നദിയുടെ വടക്കുകരയിൽ മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റേഞ്ചിൽപ്പെട്ട വാളറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപെട്ട ഇഞ്ചപതാൽ, പട്ടയിടമ്പിൽ എന്നീ സ്ഥലത്തും അകമാനം-കമ്പിലൈൻ ഭാഗത്ത് വലിയകണാശ്ശേരി, മുതുവാൻപാറ ഭാഗത്തും ഹാങ്ങിംഗ് ബ്രിഡ്ജ് മുതൽ നീണ്ടപാറയിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. അവിടുത്തെ ജനങ്ങൾ ഭീതിയിലാണെന്നത് ശരിയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് 31-05-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം കോതമംഗലം ഡിവിഷൻ പരിധിയിൽ ഒരു ആർ.ആർ.ടി. കൂടി അനുവദിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തനസജ്ജമായിട്ടുള്ള എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികളും സ്വീകരിച്ചിട്ടുണ്ട്. കാടിന്റെ അതിർത്തി മുഴുവൻ കെട്ടിയടച്ചാലും ആനകൾ വരുമെന്ന് അങ്ങ് പറഞ്ഞത് എനിക്ക് വ്യക്തമായിട്ടില്ല. ഫെൻസിംഗ് ചെയ്തതുകൊണ്ട് മാത്രം ആനകൾ തടവിലായിപ്പോയി എന്നൊരു പ്രതീതി ഉണ്ടാകാൻ സാധ്യതയില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അക്കാര്യം പരിശോധിക്കാവുന്നതാണ്.

6. പരപ്പനങ്ങാടി പ്ലാനറ്റോറിയം ആൻഡ് സയൻസ് പാർക്ക് നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നിർദിഷ്ട സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം പദ്ധതിയുടെ കെട്ടിടനിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചെങ്കിലും തുടർപ്രവർത്തനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. അവിടെ ആവശ്യമായിട്ടുള്ള മെഷിനറി സ്ഥാപിച്ച് അനുബന്ധ കാര്യങ്ങൾ ചെയ്യുന്നതിനുള്ള തീരുമാനം ഇതുവരെയും ഉണ്ടായിട്ടില്ല. ഈ പദ്ധതിക്ക് മൂന്ന് ഏക്കർ ഭൂമി ജലവിഭവ വകുപ്പിൽനിന്നും ഏറ്റെടുത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് പണം അനുവദിച്ച് പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് നൽകിയില്ലെങ്കിൽ നിലവിൽ പൂർത്തീകരിച്ച കെട്ടിടങ്ങൾ കൂടി ഉപേക്ഷിക്കേണ്ട സ്ഥിതിയുണ്ടാകും. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 17-03-2022-നും 25-10-2023-നും ഉന്നത ഉദ്യോഗസ്ഥന്മാരുമായുള്ള യോഗം നടന്നു. പക്ഷേ, ആ യോഗത്തിലെടുത്ത ഒരു തീരുമാനവും നടപ്പിലായില്ല എന്നത് വളരെ നിർഭാഗ്യകരമാണ്. ഈ യോഗത്തിന്റെ ഭാഗമായുണ്ടായ ഒരേയൊരു ഗുണം

നഷ്ടപ്പെട്ട എം ബുക്ക് കണ്ടുകിട്ടിയെന്നത് മാത്രമാണ്. ഹാബിറ്റാറ്റ് നിർമ്മിച്ച ചുറ്റുമതിലിനെ സംബന്ധിച്ച് പരാതി വന്നിരുന്നു. ഹാബിറ്റാറ്റ്, ഇല്ലാത്ത കണക്കുണ്ടാക്കി, അവരുടെ എം ബുക്ക് തന്നെ തരാൻ കഴിയാത്ത സ്ഥിതിയുണ്ടായി. അങ്ങനെ ഗുരുതരമായ പ്രശ്നങ്ങളാണുണ്ടായത്. തുടർന്നും അത് നടത്തിക്കൊണ്ടുപോകാനുള്ള തീരുമാനമായെങ്കിലും പദ്ധതി ഇനിയും നടപ്പിലാക്കാൻ സാധിച്ചില്ല. രണ്ട് വർഷത്തിനിടെ മേഖലാ ശാസ്ത്രകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നടപ്പിലാക്കാൻ തീരുമാനമായെങ്കിലും അതിന് യാതൊരുവിധ നടപടിയുമുണ്ടായില്ല. ഹാബിറ്റാറ്റിന്റെ, ചുറ്റുമതിൽ നിർമ്മാണത്തിന്റെ എം ബുക്ക് തയ്യാറാക്കി സമർപ്പിക്കണമെന്നാണ് അവസാന യോഗത്തിൽ തീരുമാനിച്ചത്. എം ബുക്ക് ഉണ്ടെങ്കിലും അതുസംബന്ധിച്ച തുടർനടപടികൾ ഇനിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇത് അതീവഗൗരവമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രി താൽപര്യമെടുത്തിട്ടുപോലും ഇക്കാര്യത്തിൽ ഒരു നടപടിയും ഉണ്ടായില്ലെന്നുമാത്രമല്ല, ഇതിന് ആവശ്യമായി നീക്കിവച്ച തുക പോലും യഥാസമയത്ത് ചെലവഴിക്കാൻ സാധിച്ചില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ

അടിയന്തര ഇടപെടൽ നടത്തണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഉദാസീനത മാറ്റി പദ്ധതി പ്രാവർത്തികമാക്കാനുള്ള നിലപാടുണ്ടാകണമെന്ന് ഞാൻ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരള ശാസ്ത്ര-സാങ്കേതിക മ്യൂസിയത്തിന്റെ പരപ്പനങ്ങാടി മേഖലാ ശാസ്ത്രകേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ അനുവദിച്ച സ്ഥലത്തിന് ചുറ്റുമതിൽ, ഗേറ്റ്, ഫെൻസിംഗ് എന്നിവ നിർമ്മിക്കാൻ 2015-ലെ എസ്റ്റിമേറ്റ് തുകയായ 42,61,140 രൂപയ്ക്ക് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കരാർ നൽകുകയും 2016 ജനുവരിയിൽ കരാർ ഒപ്പിടുകയും ചെയ്തു. 2016-18 കാലഘട്ടത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 34,08,912 രൂപ ശാസ്ത്ര-സാങ്കേതിക മ്യൂസിയം കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്ത പ്രവൃത്തിയുടെ അളവുകൾ തിട്ടപ്പെടുത്തുകയോ ചെയ്തിരുന്നില്ല. 2019-ൽ പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് പ്ലാനറ്റോറിയവും ഗ്യാലറിയുമടങ്ങിയ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ

തുടങ്ങുകയും 2021 മാർച്ച് മാസം പ്രവൃത്തികൾ പൂർത്തിയാക്കി മ്യൂസിയത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന് ഇതിനകം പൂർത്തിയായ പ്രവൃത്തികളുടെ അളവ് തിട്ടപ്പെടുത്താത്തതിനാൽ മറ്റൊരു ഏജൻസിയെ ഏൽപിച്ച് ചുറ്റുമതിൽ നിർമ്മാണം ത്വരിതപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി 17-03-2022-ന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ചുറ്റുമതിൽ നിർമ്മാണത്തിന്റെ അളവുകൾ അടിയന്തരമായി തിട്ടപ്പെടുത്താനായി കെൽ-നെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ കെൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അസൗകര്യം അറിയിച്ചതിനെത്തുടർന്ന് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഇതിനെത്തുടർന്ന് 25-10-2023-ൽ വീണ്ടും ഒരു യോഗം വിളിച്ചുചേർക്കുകയും യോഗത്തിൽ പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ നടത്തിയ അളവുകൾ അടങ്ങിയ പൂർണമായ എം ബുക്ക് സമർപ്പിക്കാൻ ഹാബിറ്റാറ്റ് ടെക്നോളജി

ഗ്രൂപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഹാബിറ്റാറ്റ് സമർപ്പിച്ച എം ബുക്കിൽ മതിയായ സാക്ഷ്യപ്പെടുത്തൽ ഇല്ലാതിരുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രസ്തുത അളവുകൾ അംഗീകരിച്ചില്ല. ഇക്കാര്യത്തിൽ മറ്റ് പരിഹാരനിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. മേഖലാ ശാസ്ത്രകേന്ദ്രത്തിൽ വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരികയാണ്. നടപ്പുവർഷത്തിൽ പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ ചുറ്റുമതിൽ പൂർത്തീകരിക്കുവാനും ഇവിടെ ഒരു പോപ്പുലർ സയൻസ് ഗ്യാലറി സ്ഥാപിക്കാനുമായി 190 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾക്ക് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഈ കേന്ദ്രം ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരികയാണ്.

8. ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് മാലിന്യ നിക്ഷേപവും എക്കലും കുളവാഴകളും നിറഞ്ഞ് മലിനമായ

ആക്കുളം കായലിന്റെ സംരക്ഷണത്തിനും ടൂറിസം വികസനത്തിനുമായി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും പദ്ധതി' . ഏകദേശം 225 ഏക്കർ വിസ്തീർണ്ണമുള്ള ആക്കുളം കായലും അനുബന്ധ തോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്കുതകത്തക്ക രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ വികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. 03-12-2018-ൽ 128.68 കോടി രൂപയുള്ള എസ്റ്റിമേറ്റിന് തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. എസ്.പി.വി.യായി M/s. വാപ്കോസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ടൂറിസം വകുപ്പ് നിയമിച്ചു. 19-10-2019-ൽ 155.23 കോടി രൂപയുടെ ബൃഹത് പദ്ധതിയായി പുതുക്കിയ ഈ പ്രോജക്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും രണ്ട് ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. പദ്ധതിയുടെ എസ്റ്റിമേറ്റ് M/s. വാപ്കോസ് ലിമിറ്റഡ് കിഫ്ബിക്ക് സമർപ്പിക്കുകയും ഒന്നാംഘട്ടമായി 07-02-2020-ൽ 64.13 കോടി രൂപയുള്ള പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള

ഏജൻസിയെ കണ്ടെത്തുവാൻ 21-12-2020-ൽ എസ്.പി.വി. ആയ M/s. വാപ്കോസ് ലിമിറ്റഡ് ടെൻഡർ ക്ഷണിച്ചു. ഒന്നും രണ്ടും ടെൻഡറുകൾ ഏറ്റെടുക്കാൻ ആരും മുന്നോട്ടുവന്നില്ല. മൂന്നാമത്തെ ടെൻഡറിൽ മൂന്ന് കമ്പനികൾ പങ്കെടുക്കുകയും ഗവൺമെന്റ് രൂപംകൊടുത്ത സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റി 21-06-2021-ൽ നടത്തിയ ടെക്നിക്കൽ അപ്രൈസലിൽ രണ്ട് കമ്പനികൾ പരാജയപ്പെടുകയും ഹൈദരാബാദ് ആസ്ഥാനമായ ശ്രീ അവന്തിക ലിമിറ്റഡിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ടി ടെൻഡറിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിനായി 29-10-2021-ൽ സർക്കാരിനോട് അഭ്യർത്ഥിച്ചു. പദ്ധതി തുക 100 കോടിയിൽ പരിമിതപ്പെടുത്തണമെന്ന കിഫ്ബിയുടെ നിർദ്ദേശപ്രകാരം ചില ഐറ്റങ്ങൾ ഒഴിവാക്കി, 08-07-2022-ൽ നെഗോസിയേഷൻ പ്രകാരമുള്ള 96 കോടി രൂപയുടെ ടെൻഡർ സർക്കാർ അംഗീകരിച്ച് ഉത്തരവുണ്ടായി. തുടർന്ന് 10-10-2022-ൽ പദ്ധതി നിർവ്വഹണത്തിനായി ശ്രീഅവന്തിക ലിമിറ്റഡിനെ വർക്ക് ഓർഡർ കൊടുക്കുകയും ചെയ്തു. ടി പദ്ധതിയുടെ എസ്.പി.വി. ആയ വാപ്കോസും ടൂറിസം വകുപ്പും കരാറുകാരനായ ശ്രീഅവന്തിക ലിമിറ്റഡും

തമ്മിൽ ബിഡ് വാലിഡിറ്റി പീരിഡായ 120 ദിവസങ്ങൾക്കുള്ളിൽ ട്രൈ പാർട്ടി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്. എന്നാൽ എസ്.പി.വി.-യും കോൺട്രാക്ടറും നിരന്തരം ആവശ്യപ്പെട്ടിട്ടും സമയബന്ധിതമായി ഈ എഗ്രിമെന്റിൽ ഏർപ്പെടാതെ ഓരോ മുടന്തൻ ന്യായം പറഞ്ഞ് ടൂറിസം വകുപ്പ് ടി എഗ്രിമെന്റ് നീട്ടിക്കൊണ്ടുപോവുകയാണുണ്ടായത്. ടി പദ്ധതി 17-04-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക ചുമതലയുള്ള ഓഫീസർ റിവ്യൂ ചെയ്യുകയും പിഴ ഉൾപ്പെടെയുള്ള ക്ലോസുകൂടി ഉൾപ്പെടുത്തി പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് തീരുമാനിച്ചെങ്കിലും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ അതുപോലും മുഖവിലയ്ക്കെടുത്തതായി കാണുന്നില്ല. പദ്ധതി പൂർത്തിയാക്കിയതിനുശേഷം 15 വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് നിബന്ധനകൾ തയ്യാറാക്കാൻ കിഫ്ബി ആവശ്യപ്പെട്ടിരുന്നു. എന്നാൽ വാപ്കോസ് തയ്യാറാക്കി നൽകിയ കരട് നിബന്ധനകൾ ചർച്ച ചെയ്യുന്നതിനോ അംഗീകാരം നൽകുന്നതിനോ ടൂറിസം വകുപ്പ് തയ്യാറായില്ല. പകരം ചില നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് വിധേയമായി യാതൊരുവിധ അനുമതിയുമില്ലാതെ നാല്

ലക്ഷം രൂപ പ്രതിഫലത്തിൽ ഒരു സ്വകാര്യ കൺസൾട്ടന്റിനെ ടൂറിസം വകുപ്പ് നിയമിച്ച് തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം നിറവേറ്റാതെ ടി പദ്ധതി അട്ടിമറിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണുണ്ടായത്. ഒരു കരട് കരാർപോലും നൽകാതെ ടിയാൻ ഒരുവർഷത്തോളം ടി സ്ഥാനത്തിരുന്നു. ചുരുക്കത്തിൽ 10-10-2022-ൽ തിരഞ്ഞെടുക്കപ്പെട്ട കരാർ കമ്പനി, ബാങ്ക് ഗ്യാരന്റി ഉൾപ്പെടെ 6 കോടി രൂപയോളം ചെലവഴിച്ചിട്ടും ഒന്നും രണ്ടും പിണറായി വിജയൻ ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകളിലൊന്നായ ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി നിർവ്വഹിക്കാൻ വാപ്കോസ് ലിമിറ്റഡിനും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവരുടെ ചുമതലകൾ നിർവ്വഹിക്കാതിരിക്കുകയോ, തടസ്സവാദങ്ങൾ ഉന്നയിച്ച് പദ്ധതി വിലങ്ങിടുകയോ ആണ് എസ്.പി.വി.-യും ടൂറിസം വകുപ്പിലെ ചിലർ ഉദ്യോഗസ്ഥരും ചെയ്യുന്നത്. ഈ വിഷയം ഇതിനോടകം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പുപോലും നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. ടൂറിസം

വികസനത്തിനൊപ്പം തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകുന്ന ഈ പദ്ധതി അട്ടിമറിക്കപ്പെടാതിരിക്കാനും കാലതാമസമില്ലാതെ നിർവ്വഹിക്കുന്നതിനും ഗവൺമെന്റിന്റെ പ്രത്യേക ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആക്കുളം കായൽ പുനരുജ്ജീവന പദ്ധതിയുമായി ബന്ധപ്പെട്ടാണ് ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ സബ്മിഷൻ. ആക്കുളവും അനുബന്ധ കായലുകളുടെയും നവീകരണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി മന്ത്രിസഭ അംഗീകാരം നൽകുകയും കരാറുകാരെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. കരാറിൽ ഏർപ്പെടുന്നതിനുമുമ്പ് കരാർ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി കിഫ്ബിയുടെ മേൽനോട്ടത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ജലപുനരുജ്ജീവന ഘടകങ്ങളുടെ യോഗ്യത ഉൾപ്പെടെയുള്ള പരിശോധനയാണ് ഈ കമ്മിറ്റി നടത്തുന്നത്. ഈ പരിശോധന വേഗത്തിൽ പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

9. <u>ഉപദേശിക്കടവ് പാലം-അപ്രോച്ച് റോഡ് നിർമ്മാണം</u>

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് പരുമല പള്ളി. എന്റെ മണ്ഡലത്തിൽനിന്ന് ആ പള്ളിയിലേയ്ക്ക് പോകണമെങ്കിൽ ആലപ്പുഴ ജില്ല വഴി കറങ്ങി മാത്രം പോകാനുള്ള സാഹചര്യം മാത്രമാണുള്ളത്. അതിന്റെ പരിഹാരം എന്നനിലയിൽ ഉപദേശിക്കടവിൽ ഒരു പാലം പണിയാൻ ആരംഭിച്ചിട്ട് കുറച്ചുനാളുകളായി. നിലവിൽ പാലം പണിതുകഴിഞ്ഞു. അപ്രോച്ച് റോഡിനുള്ള സ്ഥലം അഡ്വാൻസ് പൊസഷന് നൽകിയെങ്കിലും അപ്രോച്ച് റോഡ് പൂർത്തീകരിക്കാൻ കഴിയുന്നില്ല. നവംബർ മാസത്തിൽ അടുത്ത പെരുന്നാൾ നടക്കുന്നതിനുമുമ്പായി അപ്രോച്ച് റോഡ് പൂർത്തീകരിക്കാനുള്ള ഒരു സമയക്രമം നിശ്ചയിച്ച് നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, പത്തനംതിട്ട ജില്ലയിൽ തിരുവല്ല നിയോജകമണ്ഡലത്തിലെ ബഹുമാന്യനായ ശ്രീ. മാത്യു ടി. തോമസ് ഇവിടെ കൊണ്ടുവന്ന സബ്മിഷനിൽ സൂചിപ്പിച്ച ഉപദേശിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 23 കോടി 73

ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതാണ്. 2020 നവംബർ മാസത്തിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. പാലത്തിന്റെ പെയിന്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പരുമല ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണികളാണിപ്പോൾ പുരോഗമിക്കുന്നത്. പ്രാവിൻകൂട് ഭാഗത്തെ മണ്ണിന്റെ ഉറപ്പ് കുറവയാതിനാൽ അപ്രോച്ച് റോഡിനായി വീണ്ടും മണ്ണ് പരിശോധന നടത്തുകയും സംരക്ഷണ ഭിത്തിക്ക് രൂപരേഖ തയ്യാറാക്കേണ്ടതായും വന്നു. ഇതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പരുമല തീർത്ഥാടനം ആരംഭിക്കുന്ന ഒക്ടോബർ മാസത്തിനുമുമ്പ് പാലത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള പരമാവധിശ്രമങ്ങൾ നടത്തുമെന്ന് അറിയിക്കുകയാണ്.